DESPATCHED
On...30/3/22.

24/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2057*(2)/2017*/*എസ്.ഐ.സി.*തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നമ്പർ 13630/*എസ്.ഐ.സി-ജി6/2017*)**

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. തോമസ്കുട്ടി. എം.റ്റി,
മണക്കുന്നേൽ,
കുരിശുംമൂട് (പി.ഒ),
ചങ്ങനാശ്ശേരി. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   ഹെൻറി ബേക്കർ കോളേജ്,
   മേലുകാവ്.
2. അപ്പീൽ അധികാരി,
   ഹെൻറി ബേക്കൽ കോളേജ്,
   മേലുകാവ്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11/05/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 16/06/2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 20/10/2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 23/10/2017 |
| ഹിയറിംഗ് നടന്ന തീയതി | 03/03/2022 - ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹരജിക്കാരനായ ശ്രീ. തോമസ്കുട്ടി. എം.റ്റി, 20/10/2017 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 23/10/2017 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 2057(2)/2017/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 11/05/2017 തീയതി ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും, 16/06/2017-ൽ ടി അപേക്ഷയ്ക്ക് വിവരം നൽകിയില്ലെന്ന് കാണിച്ചു സമർപ്പിച്ച കത്തിനു 07/05/2019-ൽ കക്ഷിയ്ക്ക് നേരിട്ട് മറുപടി നൽകിയിട്ടുള്ളതാണെന്നും തുടർന്ന് 08/06/2019-ൽ ടി മറുപടിക്കു ഹർജിക്കാരൻ 9, 11, 14, 15 ചോദ്യങ്ങൾക്കു പൂർണമായ വിവരം നൽകിയില്ലെന്ന് കാണിച്ചു ഒന്നാം അപ്പീൽ നൽകിയിട്ടുള്ളതാണെന്നും ഇതിനു 25/06/2019-ൽ രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, 07/03/2022-ലെ റിപ്പോർട്ട് കമ്മീഷൻ അംഗീകരിയ്ക്കുകയും ടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരനു അയച്ചു നൽകണമെന്നു ഒന്നാം എതിർകക്ഷിയ്ക്ക് ഹിയറിംഗിൽ കമ്മീഷൻ നിർദ്ദേശം നൽകുകയുണ്ടായ സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 24-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV